ओ३म्

# ദയാനന്ദ സന്ദേശം



ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)


വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 7 ലക്കം 9

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 മാധവ മാസം – ശുക്ര മാസം

ചൈത്രം – വൈശാഖം 1194 മീനം – മേടം 2019 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## മഹാശയ് രാജ്പാൽ (1908–1929)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

- ഏപ്രിൽ 6 : മഹാശയ് രാജ്പാൽ രക്തസാക്ഷിദിനം
- ഏപ്രിൽ 10 : ആര്യസമാജ സ്ഥാപന ദിനം
- ഏപ്രിൽ 13 : ജാലിയൻവാലാബാഗ് സമൃതിദിനം
- ഏപ്രിൽ 19 : മഹാത്മാ ഹൻരാജ് ജന്മദിനം
- ഏപ്രിൽ 20 : പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം
- ഏപ്രിൽ 26 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജൻമദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

മണ്ഡലം 1 സൂക്തം 9



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിച്യൃത് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**മത്സ്വാ സുശിപ്ര മന്ദിഭിഃസ്തോമേഭിര് വിശ്വചര്ഷണേ|**

**സചൈഷു സവനേഷ്വാ ||**

*(ഋഗ്വേദം 1.9.3)*

**പദാർത്ഥം:** അല്ലയോ മന്ദിഭി: (വിശ്വചര്ഷണെ) എല്ലാ ലോകങ്ങളെയും കാണുന്നവനും (സുശിപ്ര) ശ്രേഷ്ഠ ജ്ഞാനയുക്തനുമായ പരമേശ്വര! അങ്ങ് (മന്ദിഭിഃ) വിജ്ഞാനത്തെയും ആനന്ദത്തെയും നൽകുന്നവനും നൽകിപ്പിക്കുന്നതുമായ (സ്തോമേഭിഃ) വേദോക്തസ്തുതി രൂപഗുണ പ്രകാരം നൽകുന്ന സ്തോത്രങ്ങളും അവയുടെ സ്തുതിയെ പ്രാപിച്ച് (ഏഷു)ഈ പ്രത്യക്ഷ(സവനേഷു) ഐശ്വര്യത്തെ നൽകുന്ന പദാർത്ഥങ്ങളെ ഞങ്ങൾക്ക് (സചാ)നേടി തന്ന്(മത്സ) നല്ല വണ്ണം ആനന്ദിപ്പിച്ചാലും.

**ഭാവാർത്ഥം:** ലോകത്തിന് പ്രകാശം നൽകുന്ന സൂര്യനെ സൃഷ്ടിച്ചവന്റെ സ്തുതി ചെയ്യുന്നതിൽ ഏകാഗ്ര ചിത്തനായ ശ്രേഷ്ഠ പുരുഷൻ എല്ലാം കാണുന്ന പരമേശ്വരനെ അിറഞ്ഞ് എല്ലാ തരത്തിലും ധാർമികനും പുരുഷാർത്ഥിയുമായിത്തീർന്ന് സർവ്വ ഐശ്വര്യങ്ങളെയും ഉൽപ്പന്നമാക്കി അവയുടെ സംരക്ഷണത്തിനായി കൂട്ടായി വർത്തിക്കുവാനും സർവ്വ സുഖങ്ങളെയും പ്രാപിക്കുവാനും യോഗ്യനും മറ്റുള്ളവർക്ക് ഉത്തമ സുഖങ്ങളെ നൽകുന്നവനുമായിത്തീരുന്നു.

(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്

തർജമ :കെ.എം.രാജൻ)

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***

***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 9

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 മാധവ മാസം – ശുക്ര മാസം
ചൈത്രം – വൈശാഖം 1194 മീനം – മേടം 2019 ഏപ്രിൽ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| മനുസ്മൃതി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



മറ്റു മത മതാന്തരങ്ങളുമായി വൈദിക ധർമ്മത്തിനുള്ള മറ്റൊരു പ്രത്യേകത അത് ഈശ്വരനെ മനുഷ്യനായോ മനുഷ്യനെ ഈശ്വരനായോ അംഗീകരിക്കുന്നില്ല എന്നതാണ്. ഈശ്വരനെ പുരുഷനായോ, സ്ത്രീയായോ, അർദ്ധനാരീശ്വര രൂപമായോ, മനുഷ്യനും മൃഗവും ചേർന്ന (നരസിംഹം) രൂപത്തിലോ, മനുഷ്യനെ ഈശ്വര സദൃശനായോ, കണക്കാക്കുന്നില്ല. പൗരാണികരായ ഹിന്ദുക്കൾ ഈശ്വരൻ ശരീരധാരണം ചെയ്ത് അവതരിക്കുന്നു എന്ന് കരുതുന്നു. അങ്ങനെഅദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളെ തള്ളിക്കളയുന്നു. സർവ്വത്ര വിരാജിക്കുന്ന അദ്ദേഹത്തെ ഏകദേശിയായി മാറ്റുന്നു. സർവ്വവ്യാ പകനും സർവ്വജ്ഞനും സർവ്വശക്തിമാനുമായ ഈശ്വരനെ ഒരു ശരീരത്തിനുള്ളിൽ തളച്ചിടുന്നു. അപ്പോൾ അദ്ദേഹം സർവ്വവ്യാപകനല്ലാതാകുന്നു. ഇന്ദ്രിയങ്ങളെ ആശ്രയിച്ച് കഴിയുന്ന

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

അവതാര പുരുഷൻ എങ്ങനെ സർവ്വജ്ഞനായിത്തീരും.?

ഈ വിചിത്ര മനോഗതിയാലാണ് പൗരാണികർ മനുഷ്യരെ ദൈവങ്ങളാക്കി ചിത്രീകരിച്ചത്. ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവരെ ഈശ്വരനാക്കി മാറ്റി. ബുദ്ധനെ ഒരവതാരമാക്കി ഭഗവാനായി വർണ്ണിക്കാൻ തുടങ്ങി. സീതയെ അന്വേഷിച്ചലഞ്ഞ ശ്രീരാമൻ എത്ര വ്യാകലുനായിരുന്നുവെന്ന് വാൽമീകിരാമായണം നോക്കിയാലറിയാം. മറ്റുള്ളവരുടെ സഹായത്താലാണ് അദ്ദേഹത്തിന് സീതയെ കണ്ടെത്താനും നേടിയെടുക്കാനുമായത് എന്നവിടെ കാണാം. ഈശ്വരൻ ആനന്ദസ്വരൂപനാണ്. അദ്ദഹം ദു:ഖിതനാവുന്ന പ്രശ്നമേ ഉദിക്കുന്നില്ല. സീതയെ അന്വേഷിച്ചു അലയുന്ന ശ്രീരാമൻ സർവ്വജ്ഞനാണോ? സർവ്വശക്തിമാനാണോ? ഇവർ ഈശ്വരനെ ഈശ്വരനായും മനുഷ്യനെ മനുഷ്യനായും കാണാൻ അനുവദിക്കുന്നില്ല.

**അവതാരം എന്ന ആശയം ആരുണ്ടാക്കി?**

അവതാരം എന്ന ആശയം നാലു വേദങ്ങളിലും പതിനൊന്ന് പ്രാമാണികമായി കരുതുന്ന ഉപനിഷത്തുകളിലും, മനുസ്മൃതി, വാൽമീകിരാമായണം, വ്യാസ മഹാഭാരതം തുടങ്ങിയവയിലെവിടെയും കാണുന്നില്ല. ഈശ്വരീയ ജ്ഞാനമായ വേദങ്ങളിലും ആർഷഗ്രന്ഥങ്ങളിലുമൊന്നും പറയാത്ത ഈ അവതാരവാദത്തെ പൗരാണികർ തെറ്റായി പ്രചരിപ്പിച്ചു ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കി. ഈ അവതാരവാദം ഹിന്ദുക്കൾ മാത്രമല്ല, മറ്റുമതസ്ഥരും വ്യാപകമായി പ്രചരിപ്പിച്ചു. ബൈബിളിൽ പറയുന്നു "And God Said Let us make man in our own image after our Likeness" അതായത് ദൈവമരുളി ചെയ്തു. മനുഷ്യനെ ഈശ്വരന്റെ ശരീരരൂപത്തിൽ സൃഷ്ടിച്ചുവെന്ന്.

ഇവിടെ നാം ചിന്തിക്കേണ്ടത് ദൈവം തന്റെ രൂപ സാദൃശ്യമുള്ള മനുഷ്യരെ (സ്ത്രീ-പുരുഷൻമാർ) സൃഷ്ടിക്കുകയാണെങ്കിൽ ഈശ്വരനും മനുഷ്യരും തമ്മിലുള്ള അന്തരമെന്താണ്? ഇവിടെ നിരവധി ചോദ്യങ്ങൾ ഉയരുന്നുണ്ട്. അവയ്ക്ക് മറുപടി നൽകാൻ പാതിരിമാർക്കോ പോപ്പിനോ പോലും കഴിയുകയുമില്ല. മനുഷ്യരിലുള്ള ദൗർബല്യങ്ങൾ ദൈവത്തിലും ഉണ്ട് എന്ന് അംഗീകരിക്കേണ്ടിവരും. എന്തെന്നാൽ മനുഷ്യൻ ഈശ്വരന്റെ സ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത് എന്നതിനാൽ. മനുഷ്യരിൽ ഈശ്വരീയ ഗുണങ്ങളായ പവിത്രത, ന്യായം, ദയ, സർവ്വജ്ഞത എന്നിവയുണ്ടായില്ലെങ്കിലും മനുഷ്യ ദൗർബല്യങ്ങൾ ഈശ്വരനിൽ ആരോപിക്കപ്പെടും. ഇസ്ലാം മതവും ഇതിൽനിന്നും ഭിന്നമല്ല.

(തുടരും)

പത്രാധിപർ



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

ഇവിടെ വേറെയും യുക്തിയുണ്ട്. എല്ലാ മനുഷ്യർക്കും അനുഭവവും പ്രത്യക്ഷ ജ്ഞാനവുമുണ്ട് (വൈ.യ. അച്ചടിച്ചതിൽ 'ഹോതാ ഹേ' എന്ന പാഠമാണ്.) അതിന്റെ ഉദാഹരണം നൽകാം. ആർക്കാണോ സാക്ഷാത് അനുഭവമുണ്ടാവുന്നത് അയാളുടെ ജ്ഞാനത്തിൽ സംസ്കാരമുണ്ടാവുന്നു. സംസ്കാരത്തിൽ നിന്ന് സ്മരണവും സ്മരണത്തിൽ നിന്ന് ഇഷ്ടവും ഇഷ്ടത്തിൽ നിന്ന് പ്രവൃത്തിയും അനിഷ്ടത്തിൽ നിന്ന് നിവൃത്തിയുമുണ്ടാവുന്നു, മറ്റൊന്നല്ല. സംസ്കൃത ഭാഷ പഠിക്കുന്നവന്റെ മനസ്സിൽ അതിന്റെ സംസ്കാരമുണ്ടാവുന്നു. മറ്റു ഭാഷകളുടെ ഉണ്ടാവുന്നില്ല. ഇതേപോലെ ഈശ്വരൻ വേദോപദേശം നടത്തുന്നില്ലെങ്കിൽ ആർക്കും വിദ്യയുടെ (അനുഭവം അനുഭവിക്കാതെയുണ്ടാവില്ല) സംസ്കാരമുണ്ടാവില്ല. വിദ്യയുടെ സംസ്കാരമില്ലെങ്കിൽ അതിന്റെ സ്മരണവുമുണ്ടാവില്ല. സ്മരണമില്ലെങ്കിൽ അവർക്ക് വിദ്യ അൽപ്പം പോലും ലഭിക്കില്ല. ഈ യുക്തിയിൽ നിന്ന് എന്താണറിയാനാവുന്നത്? ഈശ്വരോപദേശം കേട്ടു പഠിച്ച് ആ ചിന്തകളാലാണ് മനുഷ്യർക്ക് ഇന്നുവരെ വിദ്യാസംസ്കാരം പരമ്പരയായി ലഭിച്ചത്. അന്യകാരണങ്ങളാലൊന്നുമല്ല.

കിം ച ഭോഃ! മനുഷ്യാണാം സ്വാഭാവികീ യാ പ്രവൃത്തിർ ഭവതി, തത്ര സുഖദു:ഖാനുഭവശ്ച, തയോത്തരോത്തരകാലേ (അത്ര 'തേനോത്തരോത്തരകാലേ' ഇതി പാഠോ യുക്തഃ പ്രതിഭാതി| 'തയാ' പദേന പ്രവൃത്തേഃ പരാമർശഃ| ന ച പ്രവൃത്ത്യൈവോത്തരോത്തരകാലേ *f* പി ജ്ഞാനവൃദ്ധിർ ഭവിതുമർഹതി പശുവത്| തസ്മാത് സുഖദുഃഖാനുഭവസ്യ പരാമർശാർത്ഥം 'തേന' പാഠോ യുക്തഃ| അനുഭവേന ജ്ഞാനവൃദ്ധിഃ പ്രത്യക്ഷം ദൃശ്യതെ| ) ക്രമാനുക്രമാദ്വിദ്യാവൃദ്ധിർഭവിഷ്യത്യേവ, പുനഃ കിമർത്ഥമീശ്വരാദ് വേദോൽ പത്തേഃ സ്വീകാര ഇതി?

ഏവം പ്രാപ്തേ ബ്രൂമഃ – ഏതദ് വേദോൽപത്തി പ്രകരണെ പരിഹൃതമ്| (പൂർവ്വത്ര പൃഷ്ട 161)

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**മനുസ്മൃതി - വിരുദ്ധാ യാ സാ സ്മൃതിർന പ്രശസ്യതെ ।**
**വേദാർത്ഥോപനിബദ്ധത്വാത് പ്രാധാന്യം ഹി മനോഃ സ്മൃതേഃ॥**
(ബൃഹസ്പതി സ്മൃതി സംസ്കാര ഖണ്ഡം 13 -14 )

അർത്ഥം : ഏതൊരു സ്മൃതിയാണോ മനുസ്മൃതിക്ക് വിരുദ്ധമായത് അത് പ്രശംസായോഗ്യമല്ല. വേദാർത്ഥങ്ങളനുസരിച്ചുള്ള വർണ്ണനകളുള്ളതിനാൽ മനുസ്മൃതി ഏറ്റവും പ്രധാനമായതും പ്രശംസനീയമായതുമാണ്.

ഇപ്രകാരം അനേകമനേകം വിശേഷതകൾ ഉള്ളതുകാരണം മനുസ്മൃതി മാനവർക്ക് വളരെയധികം ഉപയോഗം ചെയ്യുന്നതും പഠനീയവുമാണ്. എന്നാൽ വേദനയോടുകൂടി പറയട്ടെ, ഇന്ന് ഈ ഉത്തമവും പ്രസിദ്ധവുമായ ഗ്രന്ഥത്തിന്റെ പഠന-പാഠനം ലോപിച്ചു പോയിരിക്കുന്നു. ജനങ്ങൾക്ക് മനുസ്മൃതിയോട് അശ്രദ്ധാഭാവന വളർന്നു കൊണ്ടേയിരിക്കുന്നു. മനുസ്മൃതിയിൽ നടന്ന കൂട്ടിച്ചേർക്കലുകളാണ് ഇതിനുള്ള കാരണം. കൂട്ടിച്ചേർക്കലുകൾ മൂലം മനുസ്മൃതിയുടെ ഉജ്ജ്വലമായ രൂപം വികൃതമായിരിക്കുന്നു. പരസ്പര വിരുദ്ധവും സന്ദർഭത്തിന് യോജിക്കാത്തതും പക്ഷപാതപൂർണ്ണവുമായ കാര്യങ്ങളാൽ മനുസ്മൃതിയുടെ യഥാർത്ഥ സ്വരൂപവും ഗരിമയും ലുപ്തമായിരിക്കുന്നു. മഹാനായ തത്ത്വദ്രഷ്ടാവായിരുന്ന ഋഷിയുടെ അനുപമമായ ശാസ്ത്രത്തെ സ്വാർത്ഥികളായ പ്രക്ഷിപ്തകർത്താക്കൾ വിവിധ കൂട്ടിച്ചേർക്കലുകളാൽ ദുഷിപ്പിച്ച് കേവലം ഈ ശാസ്ത്രത്തിനുമേൽ മാത്രമല്ല, മനുവിനോടും അന്യായം ചെയ്തിരിക്കുന്നു.

## ഈ ഗവേഷണ കാര്യത്തിന്റെയും ഭാഷ്യത്തിന്റെയും സവിശേഷതകൾ

1. പ്രക്ഷിപ്ത ശ്ലോകങ്ങളെ കണ്ടെത്താനുള്ള ഗവേഷണത്തിന്റെ മാനദണ്ഡങ്ങളും അവയുടെ അവലോകനവും

(തുടരും)

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവ്വേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതിയുടെ വാഹകരാണ്.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

ഈ പുരാണത്തെ നാലു സംഹിതകളായി വിഭജിച്ചിട്ടുണ്ട്. ബ്രാഹ്മി, ഭഗവതി, ഗൗരി, വൈഷ്ണവി എന്നിവയാണവ. ബ്രാഹ്മി സംഹിത മാത്രമേ ഇന്ന് കിട്ടാനുള്ളു. പൂർവ്വം, ഉപരി എന്നിങ്ങനെ രണ്ടു ഭാഗമായാണിതിനെ വിഭജിച്ചിരിക്കുന്നത്. പൂർവ്വ വിഭാഗത്തിൽ 51ഉം ഉപരിവിഭാഗത്തിൽ 44ഉം അദ്ധ്യായങ്ങളുണ്ട്. ശൈവ-വൈഷ്ണവ വിഭാഗങ്ങളുടെ സമന്വയം ഈ പുരാണത്തിൽ കാണം.

## 16. മൽസ്യപുരാണം

മൽസ്യാവതാരമെടുത്ത വിഷ്ണു മനുവിനുപദേശിച്ചതാണ് ഈ പുരാണം എന്നു പറയുന്നു. സൃഷ്ടിയുടെ തുടക്കത്തിൽ ഹയഗ്രീവനെന്ന അസുരൻ വേദാദി സർവ്വശാസ്ത്രങ്ങളേയും മോഷ്ടിച്ച് പാതാളത്തിലേക്ക് പോയി. ഭഗവാൻ മത്സ്യാവതാരം പൂണ്ട് വേദോദ്ധാരണം നടത്തി വിശാലമായ ഒരു വഞ്ചിയെ തന്റെ കൊമ്പുകൊണ്ട് വലിച്ച് മനുമഹാരാജാവിന് മൽസ്യ പുരാണകഥ ഉപദേശിച്ചു.

പതിനാലായിരത്തോളം ശ്ലോകങ്ങളുള്ള ഈ പുരാണത്തെ 291 അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. അഗ്നിഷ്വാത പിതൃവംശം, സർഹിഷദ് പിതൃവംശം, വിവിധ ശ്രാദ്ധങ്ങളുടെ സാംഗോപാംഗ വിവേചനം, ചന്ദ്രവംശ രാജാക്കൻമാരുടെ കഥ, അനുഷ്ഠാനങ്ങളുടെ വിധി, ദാനത്തിന്റെ മഹിമ, ത്രിപുരാസുര സംഗ്രാമം, നർമ്മദാമാഹാത്മ്യം, ഋഷികളുടെ നാമവും ഗോത്രവും വംശവും വർണ്ണിക്കൽ, സാവിത്രിയുടെ കഥ, രാജധർമ്മത്തിന്റ വിവരണം എന്നിവ ഭംഗിയായി വർണ്ണിക്കുന്നു. ജൈനമതം, ബുദ്ധമതം, നാട്യശാസ്ത്രം, ആന്ധ്രരാജവംശം തുടങ്ങിയവയും പരാമർശിക്കുന്നുണ്ട്.

## 17.ഗരുഡപുരാണം

മഹാവിഷ്ണു ഗരുഡന് ഉപദേശിച്ചുകൊടുക്കുന്നതായിട്ടാണ് ഈ പുരാണത്തിന്റെ പ്രതിപാദനം. വൈഷ്ണവ പ്രാധാന്യമുള്ള ഈ പുരാണം ആത്മാവിന്റെ മരണാനന്തര ജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മരണാനന്തര ക്രിയാസമയത്ത് ഗരുഡപുരാണം വായിക്കുന്ന പതിവ് ഹൈന്ദവരുടെ ഇടയിലുണ്ട്.

(തുടരും)

*മാ. സ്രോധത (ഋഗ്വേദം 6. 32. 9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**
**തർജ്ജമ: കെ.എം.രാജൻ**

**വ**ളരെ കാലം ഈ നില തുടർന്നപ്പോൾ എല്ലാ ദേവതകളും ഒത്തുചേർന്ന് ബ്രഹ്മാവിന്റെ അടുത്തു പോയി ഇങ്ങനെ പറഞ്ഞു അല്ലയോ മഹാരാജാവേ! ഇപ്പോൾ ഭൂമിയിൽ മനുഷ്യർ തുടങ്ങിയവർ ആരും മരിക്കുന്നില്ല. ഭൂമി മനുഷ്യരാൽ നിറഞ്ഞിരിക്കുന്നു. ഇക്കാരണത്താൽ ഞങ്ങൾക്ക് വളരെയധികം ഭയമുണ്ടാവുന്നു. അപ്പോൾ ബ്രഹ്മാവ് പറഞ്ഞു "നിങ്ങൾ ദേവൻമാർ എല്ലാം അമരൻമാരല്ലേ? പിന്നെ നിങ്ങൾക്ക് മനുഷ്യരിൽ നിന്നും ഭയമുണ്ടാവുന്നത് എന്തുകൊണ്ടാണ്?"

**ദേവൻമാർ:** നേരത്തെ ഞങ്ങൾ മാത്രമാണ് അമരന്മാരായിരുന്നത്. ഇപ്പോൾ മനുഷ്യർ തുടങ്ങിയവരും അപ്രകാരം അമരന്മാരായി തുടങ്ങിയിരിക്കുന്നു. അതിനാൽ ഇപ്പോൾ ഞങ്ങൾക്ക് പ്രത്യേകതയൊന്നുമില്ലാതെയായി.

**ബ്രഹ്മാവ്:** നിങ്ങൾ വിഷമിക്കാതിരിക്കുക. യമരാജന്റെ യജ്ഞം പൂർത്തിയായാൽ മൃത്യു ലോകത്ത് മരണങ്ങൾ വീണ്ടും തുടങ്ങും. നേരത്തെ പോലെ മനുഷ്യാദികൾ മരിക്കാൻ തുടങ്ങും. ആരും രക്ഷപ്പെടില്ല. ഇതുകേട്ട് ദേവതകൾ മടങ്ങിപ്പോയി. ഒരു ദിവസം ദേവഗണങ്ങളെല്ലാം കൂടി ഗംഗാസ്നാനത്തിനു പോയി. അപ്പോൾ ഗംഗയിലൂടെ വളരെ സുന്ദരമായ ഒരു താമരപ്പൂവ് ഒഴുകി വരുന്നത് കണ്ടു. ഇതുകണ്ട ദേവതകൾ ആശ്ചര്യചകിതരായി. ഇതെവിടെ നിന്ന് വരുന്നു എന്നവർ ചിന്തിച്ചു. ഇതു കണ്ടെത്താനായി ദേവേന്ദ്രൻ ഗംഗയുടെ തീരത്തുകൂടെ നടന്ന് ഉയരത്തിൽ ദുർഗ്ഗമമായ ഒരു സ്ഥലത്തെത്തി. അവിടെ പരമസുന്ദരിയായ ഒരു യുവതി ഗംഗയിൽ നിന്നുകൊണ്ടു കരയുന്നത് കണ്ടു. അവരുടെ കണ്ണുനീര് സുന്ദരമായ താമരപ്പൂവായിത്തീരുന്നു. ഇന്ദ്രൻ അവരുടെ അടുത്ത് ചെന്ന് ചോദിച്ചു "അല്ലയോ ദേവീ! നീ ആരാണ്? ഈ ഗംഗയിലിറങ്ങി നിന്ന് കരയുന്നത് എന്തിനാണ്?"

ആ യുവതി ഇങ്ങനെ മറുപടി നൽകി. "ഞാനൊരു അബലയാണ്. താങ്കൾ എന്റെ കൂടെ വരികയാണെങ്കിൽ ഞാനെന്തിനാണ് കരയുന്നത് എന്നതിന്റെ എല്ലാ രഹസ്യങ്ങളും താങ്കൾക്ക് കാണാനാവും."

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



രണ്ടു നില ബസ്സുകളുമുണ്ട് അവയിൽ. അതു കണ്ടപ്പോൾ പാച്ചനത്ഭുതം തോന്നി. നാട്ടിൻപുറക്കാരനായ പാച്ചൻ ഈ പതിനാറാമത്തെ വയസ്സിനിടയിൽ സാധാരണ ബസ്സുകൾ മാത്രമേ കണ്ടിട്ടുള്ളൂ. അതും ദുർലഭം. ഒന്നുകഴിഞ്ഞാൽ അടുത്തത് വരണമെങ്കിൽ മണിക്കൂറുകളോളം കഴിയണം ചിലപ്പോൾ. ഫുട്ട് പാത്തിനപ്പുറം റോഡിന്റെ ഇരുവശങ്ങളിലും വലിയ വലിയ മൂന്നും നാലും എട്ടും പത്തും നിലകളാർന്ന മഹാമണിമന്ദിരങ്ങൾ കാണാം. മനുഷ്യന്റെ ഈ വികൃതിയെ താങ്ങിനിർത്തുന്ന മഹാച്ഛക്തിയുടെ ബാഹുബലമോർത്താൽ അമ്പരപ്പിലമർന്നുപോകും. അത് അളക്കാനാവില്ല. അനുമാനിച്ച് നമസ്കരിക്കാനേ പറ്റൂ. ആ മഹാമണിമാളികകളുടെ ബാൽക്കണിയിലും വരാന്തകളിലും മറ്റും പാശ്ചാത്യ-പൗരസ്ത്യ വിവിധ വേഷധാരികളായ സ്ത്രീ - പുരുഷൻമാർ റോഡിലേക്ക് നോക്കി തങ്ങളെ പ്രദർശന വസ്തുവാക്കി നിൽക്കുന്നുണ്ട്. തൃശ്ശൂർ പൂരസമാനം, മഹാലക്ഷ്മി ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടവഴി കുറച്ചു ദൂരം ചെന്നപ്പോൾ റോഡിന്റെ ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങളുടെ രൂപത്തിൽ മാറ്റമുള്ളതായി തോന്നി. അധികവും ഉയരം കുറഞ്ഞവയാണ്. രണ്ടും മൂന്നും നിലകളുള്ളവ കുറയും. പൂമുഖം ഗ്രില്ലിട്ടതും പുറമേ നിന്ന് നോക്കിയാൽ ഉൾഭാഗം കാണാവുന്നതുമാണ്. ഗ്രില്ലിനകത്ത് ബെഞ്ചിൻമേൽ കുട്ടികൾ കളിക്കുന്ന പല തരം പാവക്കുട്ടികളെപ്പോലെ മുടി ചീകി മിനുക്കി മുഖത്ത് പൗഡറിട്ട് ചുണ്ടിൽ ചുവന്ന ചായം തേച്ച് പതിനഞ്ചിനും മുപ്പതിനുമിടക്കു പ്രായമായ പെൺപാവകൾ നിരന്നിരിക്കുന്നു. റോഡിലൂടെ പോകുന്നവരെ കാമോദ്ദീപകമായ അഭിനയങ്ങളാൽ ആകർഷിക്കുകയും മാടിവിളിക്കുകയും ചെയ്യുന്നുണ്ട് ആ പെൺവാണിഭച്ചരക്കുകൾ. ഇത്തരം നിർല്ലജ്ജവും അറപ്പുളവാക്കുന്നതുമായ ദൃശ്യം പാച്ചന് ഇതിനു മുമ്പ് കാണാൻ കഴിഞ്ഞിട്ടില്ല. മനുഷ്യന്റെ മാംസാർത്തി കണ്ട് പാച്ചൻ അന്തം വിട്ടുപോയി.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*

*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*

(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

രാത്രി വിക്ഷിപ്തേ ചേതസി വിക്ഷേപോപസർജനീഭൂതഃ സാമാധിർന യോഗപക്ഷേ വർത്തതെ। യസ്ത്വേകാഗ്രേ ചേതസി സദ്ഭൂതമർത്ഥം പ്രദ്യോതയതി ക്ഷിണോതി ച ക്ലേശാൻകർമ്മബന്ധനാനി ശ്ലഥയതി, നിരോധമഭിമുഖം കരോതി സ സംപ്രജ്ഞാതോ യോഗ ഇത്യാഖ്യായതെ।സ ച വിതർക്കാനുഗതോ, വിചാരാനുഗത, ആനന്ദാനുഗതോ/സ്മിതാനുഗത ഇത്യൂപരിഷ്ടാൽ പ്രവേദയിഷ്യാമഃ। സർവ്വവൃത്തി നിരോധേത്വം സംപ്രജ്ഞാതഃസമാധിഃ ‖1‖

**വ്യാസഭാഷ്യം തർജ്ജമ :** 'അഥ' എന്ന ശബ്ദം അധികാരാർത്ഥവാചിയാണ്. ഇത് ആരംഭത്തെക്കുറിക്കുന്നു. ഈ പദത്തോടെ 'യോഗാനുശാസന'മെന്ന ശാസ്ത്രം ആരംഭിക്കുന്നു എന്നറിയുക. സമാധിക്കാണ് യോഗമെന്നു പറയുന്നത്. അത് (സമാധി) ചിത്തത്തിന്റെ എല്ലാ അവസ്ഥകളിലും വർത്തിക്കുന്ന ധർമ്മമാണ്. ക്ഷിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നിവയാണ് ഈ അഞ്ച് അവസ്ഥകൾ. ഇതിൽ വിക്ഷിപ്ത അവസ്ഥയുള്ളപ്പോൾ ചിത്തത്തിന്റെ സമാധിവിക്ഷേപത്തിന്റെ കാരണത്താൽ ഗൗണികമെന്നറിയുന്നതിനാൽ യോഗത്തിന്റെ പക്ഷത്തു വരുന്നില്ല. ഏതൊരു സമാധിയാണോ ഏകാഗ്രാവസ്ഥയിൽ ചിത്തത്തിൽ ഉള്ളത് - അറിയപ്പെടുന്ന പദാർത്ഥങ്ങളെ യഥാർത്ഥ രൂപത്തിൽ പ്രകാശിപ്പിക്കുന്നത് - ക്ലേശങ്ങളെ ക്ഷീണിപ്പിക്കുന്നത് - കർമ്മബന്ധങ്ങളെ ശിഥിലമാക്കുന്നത് - അസംപ്രജ്ഞാത സമാധിയിലേക്ക് നയിക്കുന്നത് അത് സംപ്രജ്ഞാത യോഗമാവുന്നു. വിതർക്കാനുഗതം, വിചാരാനുഗതം, ആനന്ദാനുഗതം, അസ്മിതാനുഗതം (ഈ നാലവസ്ഥകളിലുമുള്ള) എന്നിങ്ങനെയുള്ളവ പിന്നീട് സ്പഷ്ടമായി പറയുന്നതാണ്. എല്ലാവൃത്തികളുടെയും നിരോധം ഉണ്ടാവുമ്പോൾ അസംപ്രജ്ഞാത സമാധിയുണ്ടാവുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# തൻമേ മനഃ ശിവസങ്കല്പമസ്തു

**ഡോ.സത്യദേവ് ആര്യ**
തർജ്ജമ: കെ.കെ.ജയൻ

## മനസ്സിന്റെ മഹിമ

**വേ**ദനയുടെ അനുഭൂതിസംബന്ധമായ സംവേദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് കൊണ്ടാണ് ഇതു സംഭവിക്കുന്നത്. അവിടെ നിന്നും പ്രേരക കേന്ദ്രത്തിന് (Motor Centre) എത്രയും വേഗം തൽസ്ഥാനത്തു നിന്നും കൈ പിൻവലിക്കാൻ സന്ദേശം ലഭിക്കുന്നു. കൈകൾ പിൻവലിക്കുന്നു. അതേസമയം പ്രേരക കേന്ദ്രത്തിൽ നിന്നും കണ്ണുകൾക്ക് സന്ദേശം ലഭിക്കുന്നു. വേദനയുടെ കാരണം എന്താണ് എന്നറിയാൻ. മുള്ള് തറച്ചിരിക്കുന്നു എന്ന സന്ദേശം സംവേദന കേന്ദ്രത്തിന് ലഭിക്കുന്നു. അപ്പോൾ തന്നെ ബന്ധപ്പെട്ട പ്രേരക കേന്ദ്രം വഴി മുള്ള് എടുത്തുകളയാൻ ആജ്ഞ കൊടുക്കുന്നു. മറ്റേ കയ്യിലെ വിരലുകൊണ്ട് മുള്ള് എടുത്തു കളയുന്നു. വേദന ഉണ്ടാക്കുക, മുള്ള് എടുത്തുകളയാനുള്ള ഇച്ഛയുണ്ടാക്കുക, എടുത്തുകളയാനുള്ള പ്രയത്നം ചെയ്യുക, തുടർന്ന് സുഖമുണ്ടാക്കുക, ഇതെല്ലാം കേന്ദ്രീയ നാഡീവ്യൂഹം, മനസ്സ്, ബുദ്ധി, ചിത്തം ഇവ ചേർന്നുകൊണ്ട് ചെയ്യുന്ന നിരന്തരമായ സംവേദനങ്ങളുടെയും അനുക്രിയകളുടെയും ഫലമാണ്.

ഇതെല്ലാം കേന്ദ്രീയ നാഡിവ്യുഹം സ്വതന്ത്രമായി ചെയ്യുന്നതാണെന്നാണ് ഭൗതികവാദികളുടെ വാദം. എന്നാൽ ആത്മീയവാദികൾ ഇതിനെ മാനിക്കുന്നില്ല. അവർ ഒരുപടി കൂടി മുന്നോട്ടു കടന്ന് ചോദിക്കുന്നു. എടുത്തു കളയാനുള്ള പ്രയത്നം ചെയ്യുക, തുടർന്ന് സൂഖാനുഭൂതിയുണ്ടാകുക തുടങ്ങിയവ ഭാവാത്മകമായ പ്രതിക്രിയകളാണ്. അങ്ങനെയെങ്കിൽ ജഡമായ ഭൗതിക നാഡീവ്യൂഹത്തിന് എങ്ങനെ അനുഭൂതിയുണ്ടാകും? ഇവിടെയാണ് ആത്മീയമായ ഒരു ചേതനാ തത്വത്തിന്റെ ആവശ്യകതയുണ്ടാകുന്നത്. അത് കേവലം ആത്മതത്വം മാത്രമാണ്. ഈ ആത്മാവാണ് ശരീരത്തിൽ പ്രവേശിച്ച് അന്തഃകരണത്തിൽ പ്രകാശിക്കുന്നതും, അതിന്റെ അധിപതിയും, സുഖ ദു:ഖങ്ങൾ അനുഭവിക്കുന്നതും, എല്ലാവിധ അനുഭൂതികളേയും അറിയുന്നതും. എന്തെന്നാൽ ആത്മാവിന്റെ തന്നെ ലക്ഷണമായി ന്യായ ദർശനകാരൻ ഇപ്രകാരം വിവരിക്കുന്നു.

**ഇച്ഛാ ദ്വേഷ പ്രയത്ന സുഖ ദു:ഖ ജ്ഞാനാനി ആത്മനോ ലിംഗം**
(ന്യായദർശനം 1-10)

ഈ ജഗത്തിന്റെ ഉൽപ്പത്തികാരനായ പ്രഭു വിവിധ യോനികളിൽ പ്രാണികളെ സൃഷ്ടിച്ച് അവയിലെല്ലാം. ആത്മതത്ത്വത്തെ പ്രതിഷ്ഠിച്ചു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

നിനക്കത് കേൾക്കാൻ താൽപര്യമുണ്ടെങ്കിൽ എന്നെ വിളിക്കുക. വായിച്ചു കേൾപ്പിക്കാം. തനിയെ വായിക്കരുത്. എങ്കിലത് അധർമ്മമായിത്തീരും. ദക്ഷിണയായി വല്ലതും. കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അത് ഇവിടെ വെച്ചിട്ട് പോയ്ക്കോളൂ. എന്റെ വാക്കുകൾ കേൾക്കണം. അതല്ലെങ്കിൽ മോക്ഷം ലഭിക്കില്ല. നന്നായിട്ട് സമ്പാദിക്കണം. എന്നിട്ട് എന്നെ സേവിക്കുകയും വേണം. അതുകാരണം നിനക്ക് നല്ലത് വരും. ഈശ്വരൻ നിന്നിൽ പ്രസാദിക്കും.

**ദാസൻ :** മാഹാരാജ്! എനിക്ക് പഠിക്കാൻ വലിയ ആഗ്രഹമുണ്ട്. വിദ്യ പഠിക്കുന്നത് മോശം കാര്യമാണോ?

**ബകവൃത്തി :** നിന്നെ ആരോ പറഞ്ഞു പഠിപ്പിച്ചിട്ടുണ്ട്. എന്റെ മുന്നിൽ വാദപ്രതിവാദം നടത്തുകയോ? ഹാ! എന്തു ചെയ്യാം കലിയുഗമല്ലേ? വിദ്യ പഠിച്ചതിനു ശേഷം എന്റെ ഉപദേശങ്ങൾ കേൾക്കുന്നില്ല. പിഴച്ചുപോയി.

**ദാസൻ:** എന്താ തിരുമേനി! ഞങ്ങളുടെ മേൽ മാത്രമേ കലിയുഗം കയറിയിട്ടുള്ളൂ. പഠനവും മോക്ഷവും ഞങ്ങൾക്ക് മാത്രം നിഷിദ്ധമാണോ?

**സ്വാർത്ഥി:** ങ്ഹാ! ഇത് സത്യയുഗമായിരുന്നുവെങ്കിൽ നീ എന്റെ മുന്നിൽ വന്ന് ഇങ്ങനെ പുലമ്പില്ലായിരുന്നു.

**ദാസൻ:** ശരി അങ്ങ് പഠിപ്പിക്കാൻ തയ്യാറല്ലെങ്കിൽ അതിനു തയ്യാറുള്ള ആളുടെ ശിഷ്യനാവും.

**അന്ധകാരി:** കേട്ടാലും! കലിയുഗത്തിൽ ഇനി എന്തെല്ലാം സംഭവിക്കും!

**ദാസൻ:** ഞാൻ അങ്ങയെ സേവിക്കാം. അതിനു പകരം എനിക്ക് എന്തു തരും?

**പൂച്ചസന്യാസി:** ആശീർവാദം തരാം.

**ദാസൻ:** ആ ആശീർവാദം കൊണ്ട് എന്തുകിട്ടും?

**ധൂർത്തൻ:** നിനക്ക് നല്ലത് വരും.

**ദാസൻ:** അങ്ങ് ഞങ്ങളുടെ നന്മയാണാഗ്രഹിക്കുന്നതെങ്കിൽ പഠിപ്പിച്ചാൽ അതുണ്ടാവില്ലെ?

**പോപ്പ് പറഞ്ഞു:** നീ എന്നോട് വാദപ്രതിവാദത്തിന് വന്നതാണോ?.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

**മാ**ത്രവുമല്ല, ലോകത്തിൽ സ്ത്രീകൾക്ക് ഏറ്റവും അധികം മാന്യതയും ഉന്നത സ്ഥാനവും നൽകിയത് വേദങ്ങളിൽ മാത്രമാണെന്നും കാണാം. മറ്റൊരു ധർമ്മഗ്രന്ഥത്തിലും അതിന്റെ ഒരംശം പോലും കാണാൻ കഴിയില്ല. ചില എഴുത്തുകാർ വേദങ്ങളിൽ സ്ത്രീകളുടെ സ്ഥിതി നികൃഷ്ടമായാണ് വർണ്ണിച്ചിരിക്കുന്നത് എന്നു പ്രചരിപ്പിക്കുന്നുണ്ട്.

**ചോദ്യം : സ്ത്രീകളുടെ കർത്തവ്യങ്ങൾ, അധികാരങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് വേദങ്ങളിൽ പറയുന്നതെന്താണ്?**

**ഉത്തരം :** വേദങ്ങളിൽ സ്ത്രീകളെക്കുറിച്ച് ഏറ്റവും മഹത്തായാണ് വർണ്ണിക്കുന്നത്. വേദങ്ങളിലെ നാരി ദേവിയാണ്, വിദുഷിയാണ്, പ്രകാശപരിപൂർണ്ണയാണ്, വീരാംഗനയാണ്, വീരൻമാരുടെ ജനനിയാണ്. ആദർശ മാതാവാണ്, കർത്തവ്യനിഷ്ഠയുള്ള ധർമ്മപത്നിയാണ്, സദ്ഗുണങ്ങൾ നിറഞ്ഞവളാണ്, സാമ്രാജ്ഞിയാണ്, കന്യകമാർക്ക് സദാചാരം ജ്ഞാനങ്ങൾ പകർന്നു കൊടുക്കുന്ന അദ്ധ്യാപികയാണ്, ഉപദേശികയായി തീർന്ന് എല്ലാവർക്കും സൻമാർഗ്ഗം പറഞ്ഞു കൊടുക്കന്നവളാണ്, മര്യാദകൾ പാലിക്കുന്നവളാണ്, ലോകത്തിൽ സത്യവും പ്രേമവും പ്രകാശിപ്പി ക്കുന്നവളാണ്, ഗുണകർമ്മാനുസാരം ക്ഷത്രിയ ആണെങ്കിൽ ധനുർവിദ്യയിൽ നിഷ്ണാതയായി രാഷ്ട്രരക്ഷയിൽ ഭാഗഭാക്കാവുന്നവളാണ്, വൈശ്യ ഗുണമുള്ളവളാണെങ്കിൽ പശുപരിപാലനം, വ്യാപാരം എന്നിവ നന്നായി നടത്തുകയും ശിൽപവിദ്യയെ ഉന്നതിയിലെത്തിക്കുകയും ചെയ്യും. വേദങ്ങളിലെ നാരി പൂജ്യയാണ്, സ്തുതിക്കപ്പെടാൻ യോഗ്യയാണ്, രമണീയയാണ്, സുശീലയൊണ്, വളരെയധികം കേൾക്കപ്പെടുന്നവളാണ് യശോമയിയാണ്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ - 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**വ**ഴി മധ്യേ ഒരു ഇംഗ്ലീഷ് മേലുദ്ദ്യോഗസ്ഥനെ അദ്ദേഹം കണ്ടു. എന്തിനാണ് കുതിരവണ്ടിയിൽ പോകുന്നത് എന്നയാൾ ലേഖ്റാമിനോട് ചോദിച്ചു. ഉടൻ തന്നെ ലേഖ്റാമിൽ നിന്ന് ഉറച്ച മറുപടി വന്നു. "ഞാനെന്റെ കീശയിലെ പണമുപയോഗിച്ചാണ് ഈ വണ്ടിയിൽ പോകുന്നത്. മാത്രവുമല്ല, ഇങ്ങനെ സവാരി ചെയ്താൽ അത് സർക്കാരിന്റെ ഗരിമ വർദ്ധിപ്പിക്കുകയും ചെയ്യുമല്ലോ!" ഈ ഉത്തരം കേട്ട് ഇംഗ്ലീഷ് ഉദ്ദ്യോഗസ്ഥൻ പ്രസന്നനായി. എന്നാൽ ഇനി അങ്ങനെ യാത്രചെയ്യരുത് എന്നു പറയുവാനും മറന്നില്ല.

**എനിക്ക് ഇംഗ്ലീഷ് അറിയാമായിരുന്നെങ്കിൽ**

ഒരിക്കൽ പണ്ഡിറ്റ് ലേഖ്റാം തന്റെ ചെറിയച്ഛൻ പണ്ഡിറ്റ് ഗന്ധറാമുമൊത്ത് ക്രിസ്താനികളുടെ ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയി. ഒരുപാട് പാതിരിമാർ അവിടെയുണ്ടായിരുന്നു. ഒരു ഇംഗ്ലീഷ് പാതിരി ഇംഗ്ലീഷിൽ പ്രഭാഷണം നടത്തി. ഇത് കേട്ട പണ്ഡിറ്റ് ലേഖ്റാം വളരെ ഖേദത്തോടെ പറഞ്ഞു. തനിക്ക് ഇംഗ്ലീഷ് ഭാഷ വശമായിരുന്നുവെങ്കിൽ ഈ ഇംഗ്ലീഷുകാർക്ക് നല്ല മറുപടി കൊടുക്കാമായിരുന്നുവെന്ന്.

**നർമ്മം കലർന്ന ശീഘ്ര മറുപടി.**

തർക്ക ശിരോമണിയായ ലേഖ്റാമിന്റെ ഉരുളക്ക് ഉപ്പേരി പോലെയുള്ള മറുപടികളുടെ ഒരുപാടുദാഹരണങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള നർമ്മം കലർന്ന പെട്ടെന്നുള്ള മറുപടികൾക്ക് പലപ്പോഴും വിചിത്രമായ പരിസ്ഥിതികളിൽ നിന്നദ്ദേഹത്തെ രക്ഷിച്ചിരുന്നുവെന്ന് മഹാത്മാ മുൻഷിറാം എഴുതുന്നു. ആര്യപഥികന്റെ ഈ ഗുണത്തെ വർണ്ണിക്കുന്ന ഒരു സംഭവം സ്വന്തം ഭാഷയിൽ അദ്ദേഹം എഴുതിയത് ഇവിടെ കുറിക്കുന്നു.

"പണ്ഡിറ്റ്ജി സംവാദങ്ങൾ നർമ്മത്തിൽ ചാലിച്ചാണ് നടത്തിയിരുന്നത്." അതുമൂലം അദ്ദേഹത്തിന്റെ യുക്തികൾ പലപ്പോഴും വർണ്ണാഭമായിരുന്നു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

# ആര്യജഗത്തിൽ നിന്നുളള വാർത്തകൾ

## അന്നദാനം മഹാദാനം



പ്രിയ വേദ ബന്ധു,

നമസ്തേ,

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മസ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, മഹർഷിദയാനന്ദ സരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ ബിരുദ-ബിരുദാനന്തരതലം വരെയുള്ള ആധുനികവിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദികധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ധർമ്മബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങാളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നു പോരുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂൺ, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷയജ്ഞവും നടത്താവുന്നതാണ്. 'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര' (അഥർവ്വവേദം 3.2.4.5) എന്ന് വേദം പറയുന്നു. നൂറു കൈകകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

സംഭാവനകൾ അയക്കേണ്ട വിലാസം:
**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം, കാറൽമണ്ണ തപാൽ, പാലക്കാട്-679506**

**Our Bank details:**
**Account Name: VEDA GURUKULAM, SB A/C No: 4264000100086562 PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2017-19

# ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : സുരി
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

## അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*